# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2680 18.06.2018 - ൽ മറുപടിക്ക്

**ദേശീയപാത വികസനത്തിൽ ആരാധനാലയങ്ങളുടെ സംരക്ഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത വികസനത്തിൽ കാസർകോട് ജില്ലയിൽ ഏതെല്ലാം ആരാധനാലയങ്ങളും അവയുമായി ബന്ധപ്പെട്ട ഏതെല്ലാം സ്ഥലങ്ങളും സ്വത്തുക്കളും നഷ്ടപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | ദേശീയപാത വികസനം കാസർഗോഡ് ജില്ലയിലുള്ള 43 ആരാധനാലയങ്ങളെ ബാധിച്ചിട്ടുണ്ട്. അവയിൽ 8 എണ്ണത്തിന്റെ ചുറ്റമതിൽ മാത്രമേ നഷ്ടപ്പെടുകയുള്ളൂ. ആരാധനാലയങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ ആരാധനാലയങ്ങളെ സംരക്ഷിക്കുന്ന വിധത്തിൽ നിലവിലുള്ള അലൈൻമെന്റിൽ മാറ്റം വരുത്താൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ച അലൈൻമെന്റിൽ സംസ്ഥാന സർക്കാരിന്റെ പൊതുവായ അംഗീകാരം (General approval) ലഭിച്ചിട്ടുണ്ട്. അതു പ്രകാരമാണ് ദേശീയപാതാ വികസനം നടപ്പിലാക്കുന്നത്. |
| (സി) | ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടാത്തത് സംബന്ധിച്ച് ആശങ്കയിലായ വിശ്വാസികളുമായി സമന്വയമുണ്ടാക്കാൻ സർക്കാർ നടത്തിയ ശ്രമങ്ങൾ വിശദീകരിക്കാമോ; | (സി) & (ഡി) | വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് മുൻപ് കൺസൾട്ടന്റുമാർ വിദഗ്ധ പഠനം നടത്തിയിട്ടുള്ളതാണ്. സാങ്കേതിക ആവശ്യകത അനുസരിച്ചും ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ |

| | | |
|---|---|---|
| (ഡി) | വിശ്വാസികളെ വിശ്വാസത്തിലെടുക്കാനും അവരുടെ വികാരങ്ങൾ വ്രണപ്പെടാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | കോഡുകൾ / മോർത്ത് മാനദണ്ഡങ്ങൾ അനുസരിച്ചും, റോഡ് ഉപഭോക്താക്കളുടെ സുരക്ഷയും കൂടി കണക്കാക്കിയാണ് വിശദമായ രൂപരേഖ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാക്കിയത്. |

S. Bindu

**സെക്ഷൻ ഓഫീസർ**